# ഇത്തിബാഇന് സ്ഥലകാലങ്ങളുമായുള്ള ബന്ധം

**ഗ്രന്ഥകർത്താവ്:** ശൈഖ് ഫൈസൽ ഇബ്ന് അലി അൽ ബുഅ്ദാനി
**ഗ്രന്ഥം:** الإتباع على ضوء الوحيين
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

ഏതെങ്കിലുമൊരു പ്രവൃത്തി ഒരു പ്രത്യേക കാലത്തോ സ്ഥലത്തോ സംഭവിച്ചു എന്നത് കൊണ്ടുമാത്രം ആ പ്രവൃത്തിയുമായി സ്ഥലത്തിനും കാലത്തിനും യാതൊരു ബന്ധവുമില്ല. ആ പ്രവൃത്തിയുമായി ബന്ധപ്പെട്ട അതിന്നു ബാഹ്യമായ മറ്റൊരു തെളിവുകൊണ്ടല്ലാതെ. നബിﷺ ഒരു പ്രവൃത്തിയിലൂടെ ആ പ്രവൃത്തിക്കപ്പുറം മറ്റൊരു തെളിവ് കൊണ്ട് ഈ പ്രവൃത്തി ഇന്ന സ്ഥലത്തിന് പ്രത്യേകമാണ്, അല്ലെങ്കിൽ ഇന്ന കാലത്തിന് പ്രത്യേകമാണ് എന്ന് പ്രത്യേകമാക്കിയാൽ നാമും അപ്രകാരം ചെയ്യണം. ത്വവാഫ് കഅ്ബക്ക് ചുറ്റും പ്രത്യേകമാക്കിയതും ഇസ്തിലാം ഹജറുൽ അസ്‌വദിനും റുക്കുനുൽ യമാനിക്കും - അവ രണ്ടും ഇസ്തിലാം ചെയ്യുന്നതിൽ വ്യത്യസ്ത രൂപമാണെങ്കിലും[1] - നിർബന്ധ നോമ്പ് റമദാനിൽ പ്രത്യേകമാക്കിയതും, അറഫയിൽ നിൽക്കൽ ദുൽഹജ്ജ് ഒമ്പതിന് പ്രത്യേകമാക്കിയതും, ഈദുൽ ഫിത്വ്ർ ശവ്വാൽ ഒന്നിനും ഈദുൽ അദ്ഹാ ദുൽഹിജ്ജ പത്തിനും പ്രത്യേകമാക്കിയതും ഈ വിഷയത്തിൽ ഉദാഹരണങ്ങളാണ്.

എന്നാൽ പ്രത്യേകമായൊരു ഉദ്ദേശമില്ലാതെ നബിﷺ യാദൃശ്ചികമായോ ആകസ്മികമായോ പ്രവർത്തിച്ചതിൽ മുതാബഅ(അനുധാവനം) ചെയ്യൽ മതകീയമല്ല. ഒരു നമസ്ക്കാരം കൊണ്ടോ, ഇറങ്ങി താമസിക്കൽ കൊണ്ടോ ഒരു സ്ഥലത്തെ പ്രത്യേകമാക്കാൻ ഉദ്ദേശമില്ലാതെ; നബിﷺ ഒരിടത്ത് ഇറങ്ങുകയും ഇറങ്ങിയപ്പോൾ അവിടെ നമസ്ക്കരിക്കുകയും ചെയ്തു. അതിനാൽ തന്നെ നാം ആ സ്ഥലത്ത് ചെന്നിറങ്ങി താമസിക്കാനും അവിടെ നമസ്കരിക്കാനും പ്രത്യേകമാക്കുന്നുവെങ്കിൽ ശരിയായ ഭാഷയിൽ പറഞ്ഞാൽ നമ്മൾ നബിﷺയെ അനുഗമിക്കുന്നവരോ അനുധാവനം ചെയ്യുന്നവരോ അല്ല. ഉമറുൽ ഫാറൂഖ്رضي الله عنه ജനങ്ങളെ തടഞ്ഞ സംഭവം ഈ വിഷയത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഒരു യാത്രയിൽ ജനങ്ങൾ ഒരു സ്ഥലത്തേക്ക് ധൃതിപ്പെട്ട് പോകുന്നത് അദ്ദേഹം കണ്ടു. അതിനെക്കുറിച്ച് അദ്ദേഹം ചോദിച്ചു. അവർ പറഞ്ഞു: നബിﷺ അവിടെ നമസ്ക്കരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

[1] ഹജറുൽ അസ്‌വദിനെ ചുംബിച്ചുകൊണ്ടും അല്ലെങ്കിൽ കൈ കൊണ്ടോ വടികൊണ്ടോ അതിനെ തടവി, ശേഷം അവ ചുംബിച്ചു കൊണ്ടുമാണ് ഇസ്തിലാമുചെയ്യേണ്ടത്. എന്നാൽ റുകുനുൽ യമാനി വലത് കൈകൊണ്ട് ഒരു തവണ തടവിക്കൊണ്ടാണ് ഇസ്തിലാമു ചെയ്യൽ. വിവ:

"إنما هلك أهلُ الْكتابِ أنهم اتبعوا آثار أنبيائهم فاتخذُوها كنائس وبيعاً، فمن عرضت له الصلاةُ [ أي في موضع صلاته ﷺ ] فليصل أو فليمض "
"നിശ്ചയം, വേദക്കാർ നശിച്ചത് തങ്ങളുടെ നബിമാരുടെ അവശിഷ്ടങ്ങൾ പിന്തുടരുകയും ആ സ്ഥലങ്ങൾ ആരാധന നടത്തുവാനുള്ള ചർച്ചുകളും മഠങ്ങളുമാക്കുകയും ചെയ്തതിനാൽ മാത്രമാണ്. നബിﷺ നമസ്കരിച്ച ഒരു സ്ഥലത്തെത്തുമ്പോൾ ആർക്കെങ്കിലും നമസ്ക്കാര സമയമായാൽ അവൻ നമസ്കരിക്കട്ടെ അല്ലെങ്കിൽ അവൻ സ്ഥലം വിട്ടു കൊള്ളട്ടെ" [2] അദ്ദേഹം പറഞ്ഞതായി മറ്റൊരു റിപ്പോർട്ടിൽ കാണാം:

"من أدركته الصلاةُ في شيئ من هذه الْمساجِد التي صلى فيها رسولُ اللهِ ﷺ فليصل فيها وإلا فلا يتعمدها "
"റസൂലുല്ലാഹിﷺ നമസ്ക്കരിച്ചതായ നമസ്ക്കാരസ്ഥലങ്ങളിൽ ഏതെങ്കിലുമൊരിടത്ത് നമസ്ക്കാരം ഒരാൾക്ക് ആസന്നമായാൽ അവിടെ അവൻ നമസ്കരിക്കട്ടെ, ഇല്ലായെങ്കിൽ ഒരാൾ അവിടെ നമസ്ക്കരിക്കാൻ ബോധപൂർവ്വം ലക്ഷ്യമിടരുത്."[3] ഈ വസ്തുതയെ ആയിശ رضي الله عنها അടിവരയിട്ടുറപ്പിച്ച് പറഞ്ഞു:

" نزولُ الأبطحِ ليس بِسنة ، إنما نزله رسولُ اللهِﷺ لأنه كانَ أسمح لخروجِه إذَا خرج"
"അബ്തഹിൽ (നബിﷺ ഹജ്ജിന് വന്നപ്പോൾ ഇറങ്ങിത്താമസിച്ച സ്ഥലം.) ഇറങ്ങൽ സുന്നത്തല്ല. തീർച്ചയായും റസൂലുല്ലാഹിﷺ അവിടെ ഇറങ്ങിയത് അദ്ദേഹം പുറപ്പെടാൻ ഉദ്ദേശിക്കുമ്പോൾ പുറപ്പെടാൻ ഏറ്റവും സൗകര്യമുള്ള സ്ഥലം അതാണ് എന്നത് കൊണ്ട് മാത്രമാണ്."[4]

ഇസ്ലാമിക ലോകത്തെ ആധികാരികപണ്ഡിതർ ഈ ആശയത്തെ സ്ഥിരീകരിച്ചിട്ടുണ്ട്. ശൈഖുൽഇസ്ലാം ഇബ്നു തൈമിയ്യ رحمه الله, അദ്ദേഹത്തിൻെറ മജ്മൂഅ് ഫതാവയിലും[5] ഇമാം ആമിദി رحمه الله, അദ്ദേഹത്തിൻെറ ഇഹ്കാമിലും ഈ വിഷയം സ്ഥിരീകരിച്ചിരിക്കുന്നു. ഇമാം ആമിദി رحمه الله പറഞ്ഞു: "...നബിﷺ യുടെ ഒരു പ്രവൃത്തി ഒരു പ്രത്യേക സ്ഥലത്തോ സമയത്തോ സംഭവിച്ചു എന്നതിനാൽ അത് മാതൃകയാക്കുന്നതിനും അതിൽ അനുധാവനത്തിനും യാതൊരു പഴുതുമില്ല. പ്രസ്തുത പ്രവർത്തനം പ്രവാചകൻﷺ ആവർത്തിച്ച് ചെയ്താലും ഇല്ലെങ്കിലും ശരി. എന്നാൽ മറ്റൊരു തെളിവു കൊണ്ട് ആ പ്രവർത്തനം ഏതെങ്കിലും ഒരു സ്ഥലത്തിനോ കാലത്തിനോ പ്രത്യേകമാണെന്നറിയിച്ചാലല്ലാതെ. അപ്പോൾ അതിൽ അനുധാവനം അനിവാര്യമായി. അറഫയിൽ ഹജ്ജ് പ്രത്യേകമാകുന്നപോലെ, നമസ്ക്കാരങ്ങൾ അതിൻെറ സമയത്തിൽ ബന്ധിതമാകുന്നപോലെ, നോമ്പ് റമദാനിൽ പ്രത്യേകമാകുന്നത് പോലെ." [6]

---

[2] ഫത്ഹുൽബാരി 1:569, മജ്മൂഉ ഫതാവാ 10:410 (ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ പറഞ്ഞു: ഈ സംഭവം സ്വഹീഹായ സനദിനാൽ സ്ഥിരപ്പെട്ടിരിക്കുന്നു.)
[3] മുഖ്തസറുൽ മുഖ്തസിർ, അബുൽമഹാസിനിൽ ഹനഫി, 2:177
[4] സ്വഹീഹ് മുസ്ലിം 2:951
[5] ഇബ്നുത്തൈമിയ്യ, മജ്മൂഅ് ഫതാവാ 10:409
[6] ഇമാം ആമിദി ,അൽ ഇഹ്കാം 1:226